"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

എറണാകുളം ജില്ലയിൽ തൃക്കാക്കര നഗരസഭയിലെ ഭാരത് മാതാ കോളേജിന് വിദ്യാഭ്യാസ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ലേ ഔട്ട് അപേക്ഷയുമായി ബന്ധപ്പെട്ട് അധികമായി അടവാക്കിയ തുക റീഫണ്ട് ചെയ്ത് നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1657/2026/LSGD തീയതി, തിരുവനന്തപുരം, 03-09-2026

---

പരാമർശം:- ചീഫ് ടൗൺ പ്ലാനറുടെ 03/02/2026, 28/07/2026 തീയതികളിലെ LSGD/PD/40187/2025-TCPA2 നമ്പർ കത്തുകൾ.

**ഉത്തരവ്**

തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ ഭാരത് മാതാ കോളേജിന് വിദ്യാഭ്യാസ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ലേ ഔട്ട് അപേക്ഷയുമായി ബന്ധപ്പെട്ട്, **47,650/-** രൂപ അടയ്ക്കേണ്ടതായിരുന്നുവെങ്കിലും തെറ്റായി **3,45,720/-** രൂപ അടച്ചുവെന്നും, അധികമായി അടച്ച **2,98,070/-** രൂപ റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകണമെന്നും പരാമർശത്തിലെ **03/02/2026** തീയതിയിലെ കത്ത് പ്രകാരം ചീഫ് ടൗൺ പ്ലാനർ ആവശ്യപ്പെട്ടിരുന്നു. തുക റീഫണ്ട് ചെയ്യുന്നതിന് എറണാകുളം സീനിയർ ടൗൺ പ്ലാനറെ ചുമതലപ്പെടുത്താവുന്നതാണെന്ന് പരാമർശത്തിലെ **28/07/2026** ലെ കത്ത് പ്രകാരം ചീഫ് ടൗൺ പ്ലാനർ അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ ഭാരത് മാതാ കോളജിന് വിദ്യാഭ്യാസ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ലേ ഔട്ട് അപേക്ഷയുമായി ബന്ധപ്പെട്ട് സ്ക്രൂട്ടിനി ഫീസായി അധികമായി അടവാക്കിയ **2,98,070/-** രൂപ തുക ഒടുക്കിയ **0217-60-800-89-00** എന്ന ശീർഷകത്തിൽ നിന്നു തന്നെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് റീഫണ്ട് ചെയ്തു നൽകുന്നതിന് എറണാകുളം സീനിയർ ടൗൺ പ്ലാനറെ (**DDO Code:1101760001**) ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**R K SHIBI**

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
സീനിയർ ടൗൺ പ്ലാനർ, എറണാകുളം

സെക്രട്ടറി, തൃക്കാക്കര മുനിസിപ്പാലിറ്റി, എറണാകുളം

മാനേജർ, ഭാരത് മാതാ കോളേജ്, തൃക്കാക്കര, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ല ട്രഷറി ഓഫീസർ, ജില്ല ട്രഷറി, എറണാകുളം

ധനകാര്യ(ഡെവ-വിംഗ്) വകുപ്പ് (31-13-2026-ലെ ഡെവ-4/62/2026-ധന.(ഇ:3462741) നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ആർബി1/71/2026/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Digitally signed by
Reese. V. A
Date: 05-09-2026
12:58:51

സെക്ഷൻ ഓഫീസർ